**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 42 06.03.2012 ന് മറുപടിക്ക്

**വനസംരക്ഷണ പദ്ധതികൾ**

ചോദ്യം

ശ്രീ. സി.പി. മു ഹമ്മദ്
,, പി. എ. മാധവൻ
,, റ്റി. എൻ.പ്രതാപൻ
,, തേറമ്പ ിൽ രാമകൃഷ് ണൻ

ഉത്തരം

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) അഖിലേന്ത്യാ സർവ്വേ പ്രകാരം കേരളത്തിന്റെ വനവിസ്തൃതി കുറഞ്ഞുവരുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) അഖിലേന്ത്യാ വനം സർവ്വേയുടെ 2011 വർഷത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വന വിസ്തൃതി (Forest Area )യിൽ കുറവു വന്നതായി കണക്കാക്കിയിട്ടില്ല. എന്നാൽ വനാവരണത്തിൽ (Forest Cover) 24 ച.കി.മീ. കുറവ് വന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുളളത്. കേരളത്തിലെ തേക്ക്, യൂക്കാലി,അക്കേഷ്യ, മാഞ്ചിയം, റബ്ബർ, തണൽ മരങ്ങൾ എന്നീ തോട്ടങ്ങളിൽ നടന്ന റൊട്ടേഷണൽ ഫെല്ലിംഗ് ആണ് വനാവരണം കുറയുവാനുള്ള പ്രധാന കാരണമെന്ന് അഖിലേന്ത്യാ വനം സർവെയുടെ 2011 വർഷത്തെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വനംവകുപ്പ് പരിപാലിച്ചുവരുന്ന തോട്ടങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ്പ്ളാനിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് റൊട്ടേഷൻ ഫെല്ലിംഗ് നടത്തിവരുന്നത്. ഇപ്രകാരം മുറിക്കപ്പെടുന്ന തോട്ടങ്ങളിൽ റീപ്ളാന്റിംഗ് നടത്തുന്നുണ്ട്.

(ബി) വന നശീകരണവും കയ്യേറ്റങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

വനനശീകരണം തടയുന്നതിനുവേണ്ടി നിലവിലുള്ള സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തിയും, രാത്രികാല പെട്രോളിംഗ് ഊർജിതപ്പെടുത്തിയും തദ്ദേശീയരായ വാച്ചർമാരുടെയും വനസംരക്ഷ്ണ സമിതികളുടെയും ഇക്കോ ഡവലപ്മെൻറ് കമ്മിറ്റികളുടെയും സഹായത്തോടെ ജനപങ്കാളിത്തത്തോടുകൂടിയ വന പരിശോധന, രഹസ്യ വിവരശേഖരണം എന്നിവയിലൂടെ വനസംരക്ഷണം ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.

വനഭൂമി കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടഞ്ഞ് പ്രതികൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചുവരുന്നു. വനം കയ്യേറ്റത്തിനു സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പെട്രോളിംഗ് നടത്തിയും വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾവഴിയും വനം കയ്യേറ്റശ്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല സ്ഥാപിച്ചും വനഭൂമി സംരക്ഷിച്ചുവരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) വേനൽക്കാലത്ത് കാട്ടുതീമൂലം ഉണ്ടാകുന്ന വനനശീകരണം തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; കാട്ടുതീ തടയുവാനുള്ള ഫയർലൈൻ തെളിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) വേനൽക്കാലത്ത് കാട്ടുതീമൂലം വനനശീകരണം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ മുൻകരുതലുകളും വനംവകുപ്പ് വർഷാവർഷം സ്വീകരിച്ചുവരുന്നുണ്ട്. പ്രധാനമായും കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള വനമേഖലകളെ ഖണ്ഡങ്ങളായി തിരിച്ച് ഫയർലൈൻ തെളിച്ചുവരുന്നു. ഈ സാമ്പത്തികവർഷം ഡിസംബർ/ജനുവരി മാസംമുതൽ

ഫയർലൈൻ തെളിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ആയതിനായി എല്ലാ സർക്കിൾതല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അടിയന്തിര നിർദേശം · നൽകിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിരന്തരം പെട്രോളിംഗ് നടത്തുവാനും പരിചയസമ്പന്നരായ ആദിവാസികളെയും പരിസരവാസികളെയും ഫയർവാച്ചർമാരായി നിയമിക്കുവാനും ഫയർവാച്ച് ടവറുകളിലും ട്രീ ടോപ്പ് മച്ചാനിലും നിരീക്ഷണത്തിന് നിയോഗിക്കുവാനും വനസംരക്ഷണ സമിതി, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സേവനം കാട്ടുതീ തടയുന്നതിനായി ഉപയോഗിക്കുവാനും, വനമേഖലകളിലെ കള്ളവാറ്റ് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാനും ആവശ്യമായ നിർദ്ദേശം എല്ലാ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും റെയിഞ്ചർമാർക്കും നൽകിയിട്ടുണ്ട്. വയർലസ്, മൊബൈൽ സംവിധാനം ശക്തിപ്പെടുത്തിയും കാട്ടുതീ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് എത്രയും പെട്ടെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനു പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ പ്രചരണം നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വനമേഖലകളോട് ചേർന്നുള്ള പ്രദേശങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) വനഭൂമിയിൽ താമസക്കാരായ ആദിവാസികളെ പുനരധിവസിപ്പിക്കുവാൻ പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; വിശദീകരിക്കുമോ?

(ഡി) വനഭൂമിയിൽ താമസക്കാരായ എല്ലാ ആദിവാസികളെയും പുനരധിവസിപ്പിക്കുവാനുള്ള പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വന്യജീവി സങ്കേതങ്ങളിൽ താമസക്കാരായ ആദിവാസികളെ പുനരധിവസിപ്പിക്കുവാനുള്ള പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വനഭൂമിയിൽ താമസക്കാരായ എല്ലാ ആദിവാസികൾക്കും 2006 ലെ വനാവകാശ നിയമപ്രകാരം വനഭൂമിയുടെ കൈവശരേഖ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ